(ഡി) 1995-96 കാലഘട്ടത്തിൽ ഗ്രീൻടെക്സ് എന്ന ജർമൻ കമ്പനിയും കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴയിൽ ലഭ്യമായ ഇൽമനൈറ്റ് ഉപയോഗിച്ച് സംയുക്തമേഖലയിൽ "വാല്യൂ ആഡഡ് പ്രോഡക്ട്സ്" ഉല്പാദിപ്പിക്കുന്നതിന് സർക്കാരിനെ സമീപിച്ചിരുന്നു.

(ഇ) ഗ്രീൻടെക്സിന്റെ പദ്ധതി 2,00,000 ടൺ ലോഹമണൽ സംസ്കരിക്കുന്നതിനും 20,000 ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപാദിപ്പിക്കുന്നതിനും ആയിരുന്നു. കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ് എന്ന കമ്പനിയുടെ പദ്ധതി 1,50,000 ടൺ ലോഹമണൽ സംസ്ക്കരിക്കുന്നതിനും 50,000 ടൺ സിന്തറ്റിക് റൂട്ടൈൽ ഉല്പാദിപ്പിക്കുന്നതിനും വേണ്ടി ഉദ്ദേശം 265 കോടി രൂപ മുതൽമുടക്ക് വരുന്നതായിരുന്നു.

(എഫ്) സംയുക്ത മേഖലയിൽ ഇങ്ങനെയൊരു പദ്ധതിക്ക് അംഗീകാരം നൽകുവാൻ സർക്കാരിന് ഉദ്ദേശമില്ല. സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെകൊണ്ട് ഇക്കാര്യം നടപ്പിലാക്കുന്നതിനാണ് ആലോചിച്ചുവരുന്നത്.

26 (*446) പഞ്ചായത്തുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> :

<u>ശ്രീ. പാലോട് രവി</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. കെ. അച്ചുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതന വിതരണം മറ്റ് പെൻഷൻ പദ്ധതികൾ എന്നിവ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം പുതുതായി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽമേൽ ഒരു തീരുമാനവും കൈക്കൊള്ളാത്ത എത്ര ഗ്രാമപ്പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പുകൽപ്പിക്കാതെയുള്ള അപേക്ഷകളിൽമേൽ അന്വേഷണം പൂർത്തിയാക്കുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വെളിപ്പെടുത്തുമോ;

(ഡി) നിശ്ചിത കാലാവധിക്കുള്ളിൽ അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>) :

(എ) തൊഴിലില്ലായ്മ വേതന വിതരണം, മറ്റ് പെൻഷൻ പദ്ധതികൾ എന്നിവ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ പഞ്ചായത്തുകൾ ടി ഇനത്തിൽ അനുവദിച്ചിട്ടുള്ളവരുടെ വിവരം താഴെപ്പറയുന്നു. മറ്റു ജില്ലകളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ല

വിധവാ പെൻഷൻ	-	4949
വാർദ്ധക്യകാല പെൻഷൻ	-	4526
വികലാംഗ പെൻഷൻ	-	2441
കർഷകത്തൊഴിലാളി പെൻഷൻ	-	22642
തൊഴിലില്ലായ്മ വേതനം	-	52599

ആലപ്പുഴ ജില്ല

തൊഴിലില്ലായ്മ വേതനം	-	42022
വിധവാ പെൻഷൻ	-	4128
വാർദ്ധക്യകാല പെൻഷൻ	-	5787
വികലാംഗ പെൻഷൻ	-	3077

പത്തനംതിട്ട

തൊഴിലില്ലായ്മ വേതനം	-	6965

മറ്റ് ജില്ലകളിലെയും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ലഭ്യമാക്കിയ ജില്ലകളിലെ ഒരു പഞ്ചായത്തിലും ലഭിച്ച അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളാതിരുന്നിട്ടില്ല. മറ്റു ജില്ലകളിലെ വിവരം ലഭ്യമല്ല.

(സി) വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന പെൻഷൻ വിതരണവും തൊഴിലില്ലായ്മവേതന വിതരണവും ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറിയെങ്കിലും പ്രസ്തുത ജോലി ചെയ്യുന്നതിന് മതിയായ ജീവനക്കാരെ പുനർവിന്യാസത്തിലൂടെയോ അല്ലാതെയോ നൽകുകയുണ്ടായില്ല. നിലവിൽ പഞ്ചായത്തിൽ ഉള്ള ജീവനക്കാരെക്കൊണ്ടാണ് ഈ അധിക ജോലികൾ ചെയ്യിക്കുന്നത്. ഇക്കാരണത്താലാണ് ലഭിച്ച മുഴുവൻ അപേക്ഷകളിലും യഥാസമയം തീർപ്പു കൽപ്പിക്കാൻ കഴിയാത്തത്.

(ഡി) നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ശേഷിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം പൂർത്തിയാക്കി ഉടൻ തീർപ്പു കൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

27 (*447) ബീഡി വ്യവസായം

<u>ശ്രീ. പി. നാരായണൻ :</u>
<u>ശ്രീ. സത്യൻ മൊകേരി :</u>
<u>ശ്രീ. ജോസ് ബേബി :</u>
<u>ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :</u>
<u>ശ്രീ. സി.എൻ. ജയദേവൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡി വ്യവസായം തകർച്ചയെ നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly